"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടിക വർഗ്ഗ വികസന വകുപ്പ് ജില്ലാ സ്കൂൾ കായിക മേളയിൽ പോൾവാൾട്ട് ഇനത്തിൽ ഒന്നാം സ്ഥാനം നേടിയ അഭിനവ് എന്ന വിദ്യാർത്ഥിക്ക് പോൾവാൾട്ട് വാങ്ങി നല്കിയ നടപടി സാധൂകരിച്ച് കൊണ്ട് ഉത്തരവാകുന്നു.

---

**പട്ടിക ജാതി പട്ടിക വർഗ്ഗ വികസന(പി.എം) വകുപ്പ്**

സ.ഉ.(സാധാ) നം.371/2026/SCSTD തീയതി,തിരുവനന്തപുരം, 27-04-2026

---

പരാമർശം:- 23.03.2026 തീയതിയിലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ STDD/1026/2026-D3 നമ്പർ കത്തും അനുബന്ധരേഖകളും

**<u>ഉത്തരവ്</u>**

പട്ടിക വർഗ വികസന വകുപ്പിന് കീഴിൽ മാനന്തവാടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസറുടെ അധികാര പരിധിയിലുള്ള എടവക പഞ്ചായത്തിലെ പണിയ സമുദായത്തിൽപ്പെട്ട അഭിനവ്, മാനന്തവാടി ഗവൺമെന്റ് ഹൈസ്കൂളിലെ പത്താം ക്ലാസ്സ് വിദ്യാർത്ഥിയാണെന്നും ജില്ലാ സ്കൂൾ കായിക മേളയിൽ പോൾവാൾട്ട് ഇനത്തിൽ മുള (ബാംബൂ) വച്ച് മത്സരത്തിൽ പങ്കെടുക്കുകയും തുടർന്ന് ഒന്നാം സ്ഥാനം നേടുകയും ചെയ്തിട്ടുണ്ടെന്നും തുടർന്ന് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്നതിനായി ഒരു പോൾവാൾട്ട് വാങ്ങുന്നതിന് വേണ്ടി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് 1,06,000/-രൂപ (ഒരു ലക്ഷത്തി ആറായിരം രൂപ മാത്രം) 2225-02-277-35- Promotion of Education (plan) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് മാനന്തവാടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ പോൾ വാൾട്ട് വാങ്ങി നല്കിയതായും കളിക്കളം 2025 കായിക മേളയിൽ വച്ച് ബഹു വകുപ്പ് മന്ത്രി തന്നെ ശ്രീ. അഭിനവിന് പോൾവാൾട്ട് കൈമാറിയിട്ടുള്ളതാണെന്നും ജില്ലാ കായിക മേളയിലും കളിക്കളത്തിലും സംസ്ഥാന കായികമേളയിലും ശ്രീ. അഭിനവ് മികച്ച പ്രകടനം കാഴ്ച വച്ചിട്ടുള്ളതാണെന്നും പ്രസ്തുത സാഹചര്യത്തിൽ പോൾ വാൾട്ട് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് വേണ്ടി 2225-02-277-35- Promotion of Education (plan) എന്ന ശീർഷകത്തിൽ നിന്നും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് 1,06,000/- ചെലവഴിച്ച് പോൾവാൾട്ട് വാങ്ങി നല്കിയ മാനന്തവാടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസറുടെ നടപടി സാധൂകരിച്ച് നല്കണമെന്ന് പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സൂചന പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

മേൽ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അഭിനവിന് പോൾ വാൾട്ട് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് വേണ്ടി 2225-02-277-35- Promotion of Education (plan) എന്ന ശീർഷകത്തിൽ നിന്നും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് 1,06,000/- ചെലവഴിച്ച് പോൾവാൾട്ട് വാങ്ങി നല്കിയ മാനന്തവാടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസറുടെ നടപടി സാധൂകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ ഡി സജിത്ത് ബാബു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ വികസന വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (S & G), കേരളം, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E& R), കേരളം, തിരുവനന്തപുരം
4. ധനകാര്യ (WW) വകുപ്പ്.
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, I&PRD, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
6. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Chithralekha V V
സെക്ഷൻ ഓഫീസർ
Date: 28-04-2026 13:45:15